## പതിനാലാം കേരള നിയമ സഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1840. 04-12-2018-ലെ മറുപടിക്ക്.

### കൊട്ടാരക്കര-കുളക്കട അസാപ്പ് സ്കിൽ പാർക്ക്

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി.

ഉത്തരം

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കൊല്ലം ജില്ലയിലെ കൊട്ടാരക്കര-കുളക്കടയിലുള്ള അസാപ്പ് സ്കിൽ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | എ) | നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 95% പൂർത്തിയായിട്ടുണ്ട്. 31-12-2018 -നുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | സ്കിൽ പാർക്ക് നിർമ്മാണത്തിന് ചെലവഴിക്കേണ്ട തുക എത്രയാണെന്നും പാർക്ക് വഴി ലക്ഷ്യമിടുന്ന കാര്യങ്ങളും വിശദമാക്കുമോ; | ബി) | സ്കിൽ പാർക്ക് നിർമ്മാണത്തിനായി Rs. 12,92,78,364/- (പന്ത്രണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി മുന്നൂറ്റി അറുപത്തിനാല്) രൂപ അനുവദിച്ചിട്ടുണ്ട്. സ്കിൽ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ ഓപ്പറേറ്റിംഗ് പാർട്ണർ വഴി വിവിധ നൈപുണ്യ വികസന കോഴ്സുകൾ യോഗ്യതയുള്ളവർക്ക് നൽകുവാനാണ് ലക്ഷ്യമിടുന്നത്. |
| സി) | പാർക്കിൽ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും കമ്പനികളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | | Synchroserve Global Solutions എന്ന കമ്പനിയുമായി ധാരണയിലെത്തുകയും രണ്ടു സ്ഥാപനങ്ങളുടെയും സി.ഇ.ഒ. -മാർ തമ്മിൽ 27-11-2018-ൽ ധാരണാ പത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ